**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 8** **23-08-2022 - ൽ മറുപടിയ്ക്ക്**

**വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളുടെ സമയബന്ധിതമായ നടത്തിപ്പിന് വിവിധ സർക്കാർ വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങളും ഏകോപനമില്ലായ്മയും കാരണമാവുന്നുണ്ട് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ? | (എ) | വിവിധ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ / കോർപ്പറേഷനുകൾ/ബോർഡുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഫലപ്രദമായ ഏകോപനം സാധ്യമാക്കുന്നതിന് രൂപികരിച്ചിരുന്ന സമിതി 13.04.2015 -ൽ പുന:സംഘടിപ്പിച്ചിരുന്നു. എന്നാൽ വകുപ്പുകളും സ്ഥാപനങ്ങളും തമ്മിലുള്ള തർക്കങ്ങൾ വിവിധ കോടതികൾ/ട്രൈബ്യൂണലുകൾ എന്നിവയിൽ എത്തുന്ന സാഹചര്യം തുടരുന്നത് കണക്കിലെടുത്ത് ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളുടേയും തർക്കമുള്ള വകുപ്പുകളുടേയും സെക്രട്ടറിമാരെ ഉൾപ്പെടുത്തി കമ്മിറ്റി പുന:സംഘടിപ്പിച്ചും തർക്കങ്ങൾ പരിഹരിക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടും 15.09.2021 ലെ സ.ഉ(കൈ)നം. 21/2021/ഉഭപവ പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ